# TECH ERA



ലിറ്റിൽ കൈറ്റ്സ്  ജി എച്ച് എച്ച് എസ്
തെങ്ങമം

## ഉള്ളടക്കം


| | | |
|---|---|---|
| 1 | എഡിറ്റോറിയൽ | 3 |
| 2 | ഞങ്ങളുടെ വിദ്യാലയം | 4 |
| 3 | എഡിറ്റോറിയൽ ബോർഡ് | 5 |
| 4 | ആശംസ | 6 |
| 5 | ഇ-മെയിൽ | 7 |
| 6 | കലാം-ഒറ്റനോട്ടത്തിൽ | 8 |
| 7 | കവിത-പരിണാമത്തിൻ കാലടികൾ | 9 |
| 8 | കഥ-മാലാഖ | 10-12 |
| 9 | ദുരന്തനിവാരണപ്രവർത്തനങ്ങൾ-സാമൂഹികമാധ്യമങ്ങളിലൂടെ | 13-14 |
| 10 | പ്ലാസ്റ്റിക്ക് എന്ന ദുരന്തം | 15 |
| 11 | ഒരു പ്രണയഗീതം | 16 |
| 12 | കടങ്കഥകൾ | 17-18 |
| 13 | ഇ-മാലിന്യം | 19 |
| 14 | ഏത് രോഗോണുവിനെയും നശിപ്പിക്കും മരുന്ന് | 20 |
| 15 | ഹിസ്റ്ററി ഓഫ് ഇന്റർനെറ്റ് | 21 |
| 16 | താരമാതാവ് | 22 |
| 17 | കവിത-ഓണപ്രതീക്ഷ | 23 |
| 18 | റിഡിൽസ് | 24 |
| 19 | ക്വിസ് | 25-26 |
| 20 | ഓണർ ഓഫ് ഇന്റർനെറ്റ് | 27 |
| 21 | ഗുരുത്വമില്ലാത്തതവളകൾ | 28 |
| 22 | നന്ദി | 29 |

# എഡിറ്റോറിയൽ

കേരളത്തിലെ പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സാങ്കേതിക വിദ്യയോടുള്ള പുതു തലമുറയുടെ ആഭിമുഖ്യം പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യമാണ്ഹൈടെക് പദ്ധതിയിലൂടെ കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കുന്നത്. സാങ്കേതിക വിദ്യയുടെ അദ്ഭുത ലോകത്താണ് നാം ജിവിക്കുന്നത്. അനുദിനം മാറിക്കൊണ്ടിരിക്കുന്നു. ലോകത്തിനൊപ്പം മനുക്ഷ്യപുരോഗതിയുടെ സാക്ഷ്യപത്രമായി സാങ്കേതികരംഗത്ത് കുതിപ്പ് തുടരുന്നു പഠനത്തിനും മറ്റ് വി ദ്യാഭ്യാസ പ്രവർത്തനങ്ങൾക്കും മാറ്റു കൂട്ടാൻവിവര സാങ്കേതിക വിദ്യയുടെ നിരവധി സൗകര്യങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയും.വിവര വിനിമയ സാങ്കേതിക വിദ്യയുടെവിസ്മയലോകത്തേക്കും അതിലധിഷ്ഠിതമായ പുത്തൻ പഠനാനുഭവങ്ങളിലേ കൈപിടിച്ചുയർ ത്തുന്ന ഈ കലാസൃഷ്ടി നിങ്ങൾക്കു മുന്നിൽ സമർപ്പിക്കുന്നു..

സ്റ്റുഡന്റ് എഡിറ്റർ

ചീഫ് എഡിറ്റേഴ്സ്സ്







അനിലാദാസ് പി &റ്റി ആർ സുജ

നീതു എസ് 9B

# ഞങ്ങളുടെ വിദ്യാലയം



# എഡിറ്റോറിയൽ ബോർഡ്

## ചീഫ് എഡിറ്റേഴ്സ്

അനിലാദാസ് പി

റ്റി ആർ സുജ


## സ്റ്റുഡന്റ് എഡിറ്റർ

നീതു എസ് 9B

## സ്റ്റുഡന്റ് സബ് എഡിറ്റേഴ്സ്

| | |
|---|---|
| അതുൽ ജെ | 9A |
| ഉണ്ണികൃഷ്ണകുറുപ്പ് | 9A |
| ധനപ്രസാദ് | 9B |
| വീണാ വിനോദ് | 9A |
| നീതു എസ് | 9B |
| സച്ചു സന്തോഷ് | 9A |
| രേവന്ത് മോഹൻ | 9A |
| ആദിത്യൻ എ | 9B |

# ആശംസ




പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറിക്കൊണ്ടിരിക്കുകയാണല്ലോ അതിന്റെ ഭാഗമായി നമ്മുടെ സ്കൂളിലും ലിറ്റിൽ കൈറ്റ്സ് ക്ലബ് മികച്ച രീതിയിൽ പ്രവർത്തനങ്ങൾ നടത്തിവരുന്നതിൽ സന്തോഷം.വിരൽത്തുമ്പുകളിലൂടെ വിജ്ഞാനവും ,ഭാവനയും, ചിന്തയും ഉണർത്തുന്ന ഈ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

ഹെഡ്മിസ്ട്രസ്

ജി എച്ച് എസ് എസ് തെങ്ങമം

# ഇ - മെയിൽ






**ഇലക്ട്രോണിക് മെയിൽ എന്നതിന്റെ ചുരുക്കപ്പേരാണ് ഇ -മെയിൽ.ഇലക്ട്രോണിക് മാധ്യമങ്ങൾ ഉപയോഗിച്ച് ഇന്റർനെറ്റ് വഴി സന്ദേശങ്ങൾ അയക്കുകയും സ്വീകരിക്കുകയും ചെയ്യുന്ന സംവിധാനമാണിത്.സന്ദേശങ്ങൾക്കൊപ്പം ചിത്രം ,ശബ്ദം,ചലച്ചിത്രം എന്നിവയൊക്കെ ഇതിലൂടെ കൈമാറാൻ കഴിയും.സൗജന്യമായും അല്ലാതെയും ഇ -മെയിൽ വിലാസം നൽകുന്ന സേവനദാതാക്കളുണ്ട്.ഉദ ജിമെയിൽ,യാഹൂമെയിൽ, റിഡിഫ്മെയിൽ.ലോകത്ത് എവിടെ നിന്നും ഇ - മെയിൽ വഴി അയക്കുന്ന കത്തുകൾ സ്വീകർത്താവിന്റെ വിലാസത്തിൽ സൂക്ഷിക്കപ്പെടും.ഇന്റർനെറ്റ് സൗകര്യമുള്ള എവിടെ നിന്നും പാസ് വേഡ് ഉപയോഗിച്ച് ഇ മെയിൽ തുറന്ന് കത്തുകളും അനുബന്ധമായി അയക്കുന്ന രേഖകളും പരിശോധിക്കാനും വായിക്കാനുംകഴിയും.**



DHANU PRASAD

# കലാം -ഒറ്റനോട്ടത്തിൽ



.അവുൽ ഫക്കീർജൈനലബ്ദീൻ അബ്ദുൽ കലാം

.1931 ൽ തമിഴ് നാട്ടിലെ രാമേശ്വരത്ത് ജനിച്ചു

.1960 ൽ DRDO യിൽ ശാസ്ത്രജ്ഞനായി ഔദ്യോഗിക ജീവിതത്തിന് തുടക്കം കുറിച്ചു

.കരസേനക്കുവേണ്ടി ഹെലികോപ്റ്ററുകൾ രൂപകൽപ്പന ചെയ്തു

.1965 ൽ റോക്കറ്റ് രൂപകൽപ്പന ചെയ്തു

.1969 ൽ ISRO യിലേക്ക് സ്ഥലംമാറ്റം

.1970-1990 വരെ പി. എസ്.എൽ.വി. ക്ക് നേതൃത്വം നല്കി

.1992-1999 കാലത്ത് ഡി.ആർ.ഡി .ഒ  സെക്രട്ടറി,പ്രധാനമന്ത്രിയുടെ മുഖ്യശാസ്ത്ര ഉപദേഷ്ടാവ്.

.1994 ൽ ആര്യഭട്ട പുരസ്കാരം ലഭിച്ചു.

.1997 ൽ ഭാരതരത്നം ലഭിച്ചു.

.1998 ൽ ഇന്ത്യയുടെ ഇന്ത്യയുടെ രണ്ടാമത്തെ ആണവ പരീക്ഷണമായഓപ്പറേഷൻ ശക്തിക്ക് നേതൃത്വം നൽകി

.1999 ൽ പൊഖ്റാൻ ആണവ പരീക്ഷണത്തിന് നേതൃത്വം നൽകി .

.2002 ജൂലൈ 19 ന് ഇന്ത്യയുടെ പതിനൊന്നാമത്തെ രാഷ്ട്രപതിയായി.


.2007 ൽ രാഷ്ട്രപതി സ്ഥാനം ഒഴിഞ്ഞു.

.മിസൈൽ മാൻ ഒഫ് ഇന്ത്യ,ഇന്ത്യൻ മിസൈൽ പദ്ധതികളുടെ പിതാവ്,എന്നിങ്ങനെ അറിയപ്പെടുന്നു.

.2015 ജൂലൈ 27 ന് മരണം.



# പരിണാമത്തിൻ കാലടികൾ



പരിണാമത്തിൻ കാലടി വെച്ച്
ഡാർവിൻ വന്നെത്തി
മാനവരാശി അഭിമാനത്തിൽ
പൊൻകൊടി പാറിച്ചു

ജീവജാതികൾ ഒരു വടവൃക്ഷത്തിൽ
കൊമ്പുകളായപ്പോൾ
അതിനടിവേരിൽ പരിണാമത്തിൻ
സൃഷ്ടികൾ കണ്ടെത്തി

ധാർമ്മിക ചിന്തയും ആത്മബോധവും
പുതിയൊരു വഴികാട്ടി
അന്ധത നിറയും ശാസ്ത്രത്തെ
ഡാർവിൻ കണ്ണു തുറപ്പിച്ചു



# മാലാഖ

കഥ



എത്ര സുന്ദരമാമ് ഈ ലോകം,എവിടെയും സമാധാനത്തിൻ്റെ പ്രതീകമായി വർത്തിക്കുന്ന

തുവെള്ളനിറം,പരവതാനിൽ,ചുമരുകളിൽ,ഇവിടെഅധിവസിക്കുന്നവരിൽ

,അതിലുപരി എന്നിൽ തന്നെയും.അതിശയം തന്നെ ഒരു തെല്ല നിമിഷം ആ മായാപ്രപഞ്ചം ചെലുത്തിയ സ്വാധീനത്തിൽ നിന്ന് എന്നെ ഉണർ ത്തിയത്ഒരു  കൊച്ചു കുട്ടിയുടെ സ്നേഹോപഹാരമായിരുന്നു

മനോഹരമായൊരു ആമ്പൽപ്പൂവ്"സ്വാഗതം  സ്വർഗ്ഗത്തിലേക്ക" സ്വർഗ്ഗം,

സുപരിചിതമായ ആ പേര് എന്നിൽ  മന്ത്രിച്ചു  കൊണ്ടിരുന്നു.അച്ചൻ പറഞ്ഞതോർക്കുന്നു സ്വർഗ്ഗം മോക്ഷം നേടിയവർ

അധിവസിക്കുന്ന,വളരെക്കുറച്ച്  ആളുകൾക്കുമാത്രം പ്രാപ്തമാകുന്ന സ്വർ

ഗ്ഗീയമായ സ്ഥാനമാണെന്ന്.സ്വർഗ്ഗവതിലുകൾ എനിക്കായി...........ഒരിക്കൽ

ക്കൂടി അത്ഭുതസ്തബ്ധരായി നിന്നു.പെട്ടെന്ന് ഒരു അശരീരി

മുഴങ്ങി.വളരെമൃതുത്വമുള്ള ആ സ്വരത്തിൽ എല്ലാവരും സന്തുഷ്ടരാണെന്ന്

ഞാൻ മനസ്സിലാക്കി.അങ്ങനെ ഭയപ്പാടില്ലാതെ ആശബ്ദത്തിന് കാതോർ

ത്തു.”ഇന്ന് ഭൂമിയിൽവേദനാജനകമായ സംഭവം

നടക്കുകയുണ്ടായി പ്രിയരെ......ഒരു കൊച്ചുകുട്ടിയുടെ അതിദാരുണമായ മരണം,നരാധമൻമാരായ  മനുഷ്യർ, പിച്ചിച്ചീന്തിയെറിഞ്ഞ  ജീവൻ്റെ തുടിപ്പുകൾ ഇന്നിതാ സ്വർഗ്ഗത്തിൽ ആനയിക്കപ്പെട്ടിരിക്കുന്നു.”എല്ലാവരും എന്നിലേക്കാണ് വീക്ഷിക്കുന്നത്,വെറുമരു ആത്മാവായി പരിണമിച്ച എൻ്റെ ജീവിത ലക്ഷ്യം അസ്തമിച്ച നാളുകൾ,ഓർമ്മയുടെ സാഗരം എന്നിൽ തിരയിളകി.........പിന്നെയും..ആസിഫ വരൂ....എൻ അരികിലേക്ക്...എൻ്റെ അമ്മയും അച്ചനും സ്നേഹലാളനകളേറ്റ് കൊതിതീർന്നിട്ടില്ല,ഭാവിയൽ അവരെ സഹായിക്കണം എന്നു ഞാൻ ആശിച്ചു. ഡോക്ടറായി എല്ലാവർക്കും നല്ല ചികിൽസ നൽകാനും.......ഇപ്പോൾ അത് ആഗ്രഹങ്ങൾ മാത്രം.എന്നെ എന്തിനാണ് കൊന്നതെന്ന് എനിക്കറിയില്ല,എന്ത് തെറ്റാണ് ഞാൻ ചെയ്തതെന്നും.വേദനകൾ എല്ലാവർക്കും ഒരുപോലെയാണ്,എന്നാൽ ആസ്വദിക്കുന്ന നീചമനുഷ്യരുടെ ലോകത്തിൽ നിന്നും ഇങ്ങനെയൊരു അന്ത്യംഅതിശയമൊന്നുമല്ലല്ലോ...........ഒരു അധർമ്മം ചെയ്യുമ്പോൾ ഉണ്ടാകുന്ന പരിതസ്ഥിതിയേക്കാൾ എത്രത്തോളം മഹത്തരമാണ് ധർമ്മം ചെയ്യുമ്പോൾ ഉടലെടുക്കുന്ന ഒരു ചെറുപുഞ്ചിരി.ഒരു വൃക്ഷംവെട്ടിനുറുക്കുനമ്പോൾ ഒരായിരം ഒരായിരം വൃക്ഷം നടണമെന്ന തത്വം പ്രാവർത്തികമാക്കിയാൽ നേടുന്ന പുണ്യം,ഇനിയും എന്നെപ്പോലെയുള്ള ഒരായിരം പെൺകുരുന്നുകളെ സംരക്ഷിക്കാനുള്ള ആർജ്ജവം കാട്ടിയാൽ നേടവുന്നതാണ്.........ആതിരിച്ചറിവ് ഉണ്ടായാൽ മാത്രം .... ആസിഫ വരൂ...പെട്ടന്ന് എൻ കിനാവുകളിൽജ്വാലയായി പ്രവഹിച്ച ആസാന്ത്വന സ്വരം എൻ ശിരസ്സിൽ ഏകിയ മുത്തം മാലാഖയായി ചിറകു വിരിച്ച് വാനിൽ

**സ്വാതന്ത്ര്യത്തിൻ്റെ സമാധാനത്തിൻ്റെ തീരങ്ങൾ തേടി മെല്ലെ ഉയരുവാൻ പ്രേരിപ്പിച്ചു.ഞാൻ മാലാഖ.......ഒരു മാലാഖ**



# <u>ദുരന്തനിവാരണപ്രവർത്തനങ്ങൾ സാമൂഹികമാധ്യമങ്ങളിലൂടെ</u>




2014 ൽ കാശ്മീരിലും 2015 ൽ ചെന്നൈയിലും 2018 ൽ നമ്മുടെ കേരളത്തിലും ഉണ്ടായ
വെള്ളപ്പൊക്കദുരന്തങ്ങളിൽ സാമൂഹികമാധ്യമങ്ങൾ ഏറ്റെടുത്ത ദുരന്തനിവാരണ പ്രവർത്തനങ്ങൾ നിസ്തുലമാണ്.കാശ്മീർ വെള്ളപ്പൊക്കദുരന്തങ്ങളിൽ ട്വിറ്ററിന്റെ SOS സംവിധാനം(അപകടാവസ്ഥയിലെ സഹായം അഭ്യർത്ഥിച്ചുള്ള സന്ദേശങ്ങൾ കൈകാര്യം ചെയ്യുന്ന സംവിധാനം) നിരവധിയാളുകൾക്ക്
രക്ഷയായി. ചെന്നൈവെള്ളപ്പൊക്ക സമയത്ത് വാട്ട്സ് ആപ്പ് കോളുകളും,ഫേസ്ബുക്കിലെ സേഫ്റ്റി
ചെക്കും ട്വിറ്ററിന്റെ ഹാഷ് ടാഗും ഗൂഗിളിന്റെ Person finder ഉം ധാരാളം പേർ പ്രയോജനപ്പെടുത്തിയിരുന്നു.
മേൽ സൂചിപ്പിച്ച സാമൂഹിക മാധ്യമ സംവിധാനങ്ങളും ഔദ്യോഗിക വെബ്പോർട്ടലുകളും കേരളത്തിലെ വെള്ളപ്പൊക്കദുരന്തത്തിന്റെ വ്യാപ്തി കുറക്കുന്നതിന് സഹായകമായി.

ദുരന്തനിവാരണപ്രവർത്തനങ്ങൾ ക്കാവശ്യമായ മനുഷ്യശക്തി ഒരുമിച്ചുകൂട്ടാനും ദുരന്തത്തിൽപ്പെട്ടവരുടെ തൽ സമയവിവരങ്ങൾ ബന്ധപ്പെട്ടവർക്ക് ലഭ്യമാക്കാനും സാമൂഹികമാധ്യമങ്ങളുടെ കൂട്ടായ്മയ്ക്ക് അനായാസം സാധിക്കും.ഇന്റർനെറ്റും, മൊബൈൽ ടവറുകളും ലഭ്യമല്ലാത്ത ദുരന്തമുഖത്ത് SOS സഹായ അഭ്യർത്ഥന
സാമൂഹികമാധ്യമങ്ങൾ വഴി പുറം ലോകത്തെത്തിക്കാനും അതുവഴി ദുരന്തത്തിൽപ്പെട്ടവർക്ക് സഹായം ലഭ്യമാക്കാനും കഴിയും.

ദുരന്തത്തിനു ശേഷമുള്ള പുനരുദ്ധാരണപ്രവർത്തനങ്ങളിലും ഇത്തരം സാമൂഹിക കൂട്ടായ്മകൾക്ക് ഇടപെടാൻ കഴിയും.ഭക്ഷണം ലഭ്യമാക്കൽ,ധനശേഖരണം ലഭ്യമാക്കൽ,അറ്റകുറ്റപ്പണികൾക്ക് വൈദഗ്ധ്യമുള്ളവരുടെ സേവനം എത്തിക്കൽ തുടങ്ങിയ കാര്യങ്ങൾ ഏകോപിപ്പിക്കാൻ ഈ മാധ്യമങ്ങൾക്ക് സാധിക്കും.

ദുരന്തസമയത്ത്

.സാമൂഹികമാധ്യമങ്ങളിലൂടെ ലഭിക്കുന്ന വിവരങ്ങളും ദൃശ്യങ്ങളും പങ്കുവെയ്ക്കുന്നതിന് മുമ്പ് അവയുടെ ആധികാരികത നന്നായി പരിശോധിക്കുക.

.സഹായത്തിന് സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റുകൾ പ്രയോജനപ്പെടുത്തുക

.മൊബൈൽ ഫോണുകളിലെ ബാറ്ററി ചാർജ് കരുതിവെക്കുന്നതിനായി കോൾ ചെയ്യുന്നതിനു പകരം മെസേജിങ് സംവിധാനം പരമാവധി ഉപയോഗിക്കുക.



# പ്ലാസ്റ്റിക്ക് എന്ന ദുരന്തം

കവിത

പ്ലാസ്റ്റിക്ക് കൂനയിൽ നിന്ന്
കണ്ണു നിറച്ച് കിതച്ചോടി വന്ന കാറ്റ്
വിണ്ണിനോടു  തിരക്കി ഇവിടെയൊരു
ശുചിത്വ കേരളമുണ്ടായിരുന്നല്ലോ

എനിക്കു പാറിപ്പറക്കാൻ
വിണ്ണിന്റെമൗനമേറ്റുവാങ്ങി
ലക്ഷ്യമില്ലാതലയുമ്പോൾ കാട് കണ്ടു
ക്രൂരമാം  മാനവചെയ്തികൾ

പ്രകൃതിതൻ  ഹൃദയമാം
പുഴയിലും വഴിയിലും
പ്ലാസ്റ്റിക്ക് കൂനകൾ  തിങ്ങിനിവരുന്നു
പ്രകൃതിതൻ കൈകളാം കാട്ടുവഴികളിൽ

ഭൂമിതൻ മക്കളാം മാനവരൊക്കെയും
ഭൂമിയെ പ്ലാസ്റ്റിക്ക് കുപ്പയായി മാറ്റി
പ്ലാസ്റ്റിക്ക് എന്നൊരു ഭീകര രാക്ഷസൻ
ഭൂമിയെ വിഴുങ്ങുവാൻ നാളെത്രബാക്കി
ഇനിയേതു ഗംഗയിൽ മുങ്ങണം
മാനവ ചെയ്തിക്കുമാപ്പു ലഭിക്കുവാൻ



NEETHU.S

# ഒരു പ്രണയഗീതം

ഇങ്ങസ്തമിക്കുന്നു സൂര്യൻ; പെരുവഴി
തീർന്നു, തിരിച്ചു നടക്കാം നമുക്കിനി.

സ്വന്തം കുരുതിയിലേക്കു പോകുന്നൊരി-
ക്കൊമ്പു ചുവന്നോരറവുമൃഗങ്ങൾക്കു
പിമ്പേ നടക്കുമ്പോഴും നമ്മെ ബന്ധിപ്പ-
തെന്താഭിചാരം? പ്രണയമോ പാപമോ?

ഇല്ല പൊട്ടിച്ചിരി; നീണ്ട ഞരക്കങ്ങ-
ളല്ലാതെ,യോരോ തകരക്കൂടിലിലും
വെള്ളമിറങ്ങാതെ, ജീവിതമൂർച്ഛയിൽ
തുള്ളിപ്പനിച്ചു കിടക്കയാമുണ്ണികൾ.

നീയറിയുന്നുവോ? ചോലമരങ്ങളിൽ
സായാഹ്നമോരോന്നിരുണ്ടുതൂങ്ങുന്നതും
നീണ്ടമൗനത്തിലേക്കെന്റെ രാപ്പക്ഷികൾ
നീലച്ചിറകു കുഴഞ്ഞു വീഴുന്നതും





VEENA VINOD

# കടങ്കഥകൾ

രൂപം കൊണ്ട് കടങ്കഥയും പഴഞ്ചൊല്ലും തമ്മിൽ സാമ്യമുണ്ടെങ്കിലും അവയുടെ ധർമ്മം തികച്ചും വ്യത്യസ്തമാണ്നിഗൂഢമായ ഉത്തരങ്ങൾ തേടിയുള്ള യാത്രയാണ് കടങ്കഥകൾ.ബുദ്ധിപരമായ വികാസത്തിന് വഴിതുറക്കുന്ന കടങ്കഥകൾ പ്രപഞ്ചത്തെക്കുറിച്ചും അടുത്തറിയാനുള്ള വിനോദപരമായ ഉപാധികൂടിയാണ് രസകരമായ ചില കടങ്കഥകൾ.

1) ഞാൻ പെറ്റകാലം മീൻ പെറ്റപോലെ
വാലറ്റകാലം ഞാൻ പെറ്റ പോലെ

2) ആനകേറാമല ആളകേറാമല
ആയിരം കാന്താരി പൂത്തിറങ്ങി

3) പൂവുണ്ട് കായില്ല നാവുണ്ട് പല്ലില്ല
കാലുണ്ട് കയ്യില്ല വാലുണ്ട് കുരങ്ങല്ല

4) നാലു കാലുണ്ട് നടുവുണ്ട് മുതുകുണ്ട്
നായയ്ക്കു തിന്നാനിറച്ചിയില്ല

5) തച്ചൻ പണിയാത്ത ,തമ്പുളിപായാത്ത
തിത്തിത്തെയെന്നൊരു പത്തായം

6) കാക്കയ്ക്കും കോഴിക്കും വേണ്ടാത്ത വിത്ത്
വെള്ളത്തിലിട്ടാൽ കാണാത്ത വിത്ത്

7) എല്ലാ കാളയ്ക്കും മണ്ടയ്ക്ക് കൊമ്പ്

എന്നടെ കാളയ്ക്ക് പള്ളയ്ക്ക കൊമ്പ്

8) ഈച്ച തൊടാത്തൊരിറച്ചിക്കഷണം

9) മുറ്റത്തെചെപ്പിനടപ്പില്ല

10) കാളകിടക്കും കയറോടും

**ഉത്തരം**

1. തവള
2. ആകാശം
3. പൂവൻ കോഴി
4. കസേര
5. വയറ്
6. ഉപ്പ്
7. കിണ്ടി
8. തീക്കട്ട
9. കിണർ
10. മത്തങ്ങ



# ഇ _മാലിന്യം

## റീസൈക്കിൾ ചെയ്യാവുന്നവ




.കമ്പ്യൂട്ടറുകൾ

.ലാപ് ടോപ്പുകൾ

.പ്രിന്ററുകൾ

.പ്രിന്റ് കാട്രിഡ്ജുകൾ

.വീഡിയോ ടേപ്പുകൾ

.ഹാർഡ് ഡ്രൈവുകൾ

.ഡേറ്റാ സ്വിച്ചസ്

.സെൽ ഫോണുകൾ

## റീസൈക്കിൾ ചെയ്യാൻ കഴിയാത്തവ

.കോംപാക്ട് ഡിസ്കുകൾ

.ലൈറ്റ് ബൾബുകൾ

## ഇ _മാലിന്യങ്ങൾ റീസൈക്കിൾ ചെയ്യുക






# ഏത് രോഗാണുവിനേയും നശിപ്പിക്കും മരുന്ന്



ആൻറിബയോട്ടിക് പരാജയപ്പെട്ട വിധം പ്രതിരോധശേഷി കൈവരിച്ച രോഗാണുക്കളെ-പോലും നശിപ്പിക്കും മരുന്ന്.നെതർലാൻഡിലെ മൈക്രിയോസ് കന്പനി വികസിപ്പിച്ചെടുത്തു. ബാക്ടീരിയയുടെ അന്തകസ്വഭാവതതത്തെ ആധാരമാക്കിയാണ് മരുന്നിന്റെ കണ്ടെത്തൽ. കൂടാതെ സൂപ്പർ രോഗാണു എന്നറിയപ്പെടുന്ന സ്റ്റഫലോ കോക്കസ് ഓറിയസ് എന്ന രോഗാണുവിനെ ഉൻമൂലം ചെയ്യാൻ ഈ മരുന്നിന് കഴിയും.3 വർഷത്തിനിടെ വിപണിയിലെത്തുമെന്നാണ് ശാസ്ത്രലോകം പറയുന്നത്



# History of Internet



**The advanced research project agency under American Defence Department designed a computer network connecting computers at four centres named ARPANET (Advanced Research Projects Agency Network) for communication purpose on 2 nd January 1969. This is the beginning of the Internet. Later it is expanded as the Internet that we see now by including many institutions and countries in this network. India also joined in the global network on August 15, 1995.**
**For more details: https://en. wikipedia.org/wiki/Internet**
**There are computers in different parts of the world.**



ARATHI SADANANDAN

# താരമാതാവ്

മൈലാപ്പൂർ വുഡ്‌ലാൻസ് ഹോട്ടലിലെ എ.സി. കോട്ടേജ് റിസർവ് ചെയ്തിട്ടുണ്ട്. മുറിയിൽച്ചെന്ന് കുളിയും കാപ്പിയും കഴിഞ്ഞപ്പോഴേക്കും കക്ഷിയെത്തി. സിനിമാ നടിയുടെ അമ്മയാണ് പരാതിക്കാരി. ധാരാളം പണം വാരിക്കുട്ടുന്ന മകൾ സിനിമാ അഭിനയം നിർത്തി ഏതോ 'പശലേ തിരുമണം' ചെയ്യാൻ പോകുന്നതിൽ അവർ കുപിതയും ദുഃഖിതയുമാണ്. എന്റെ മന്ത്രവാദംകൊണ്ട് മകൾക്ക് നേർവഴി തോന്നിക്കണം. ഭാഗവതർ അവരോടെല്ലാം ഏറ്റിരുന്നു. വേണ്ടതെന്തൊക്കെയാണെന്നാലോചിച്ച് വൈകുന്നേരം പറയാമെന്ന വ്യവസ്ഥയിൽ താരമാതാവിനെ യാത്രയാക്കി.

വല്ലാത്ത ദുരവസ്ഥയിലാണ് ഞാൻ അകപ്പെട്ടത്. മകളുടെ കല്യാണം കഴിയാനും ഭാര്യാഭർത്തൃ ബന്ധം സുദൃഢവും സുമധുരവുമാക്കാനും സന്താനമുണ്ടാവാനുമൊക്കെയേ ഇതുവരെ ആളുകൾ സമീപിച്ചിട്ടുള്ളൂ. ഇവിടെ കല്യാണം മുടക്കലാണ് അമ്മയുടെ ആവശ്യം. സന്താനമുണ്ടാവാതിരിക്കലും.

ഫലമുണ്ടായാലും ഇല്ലെങ്കിലും ഈ പണി എനിക്കറിഞ്ഞുകൂടെന്നും ഞാൻ ചെയ്യില്ലെന്നും ഭാഗവതരോട് തറപ്പിച്ചു പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ പ്രതികരണമെന്തായിരുന്നെന്നോ?

'അതൊന്നും അവരോട് പറയണ്ട. ആ പെണ്ണിന്റെ കല്യാണം മുടക്കാനുള്ള കർമവും ചെയ്യണ്ട. എല്ലാം ശരിയാകാനുദ്ദേശിച്ച് ഒരു ഗണപതിഹോമവും ഭഗവതി സേവയും ചെയ്യുക. ബാക്കി ഞാനേറ്റു.'



SUJITHRA SUNIL

# ഓണപ്രതീക്ഷ



ഒരു മാത്ര നീയെൻറെ മുൻപിൽ
ഒരോണപ്പൂലരിയായി വന്നു
നീളാളകങ്ങൽ കോതിമിനുക്കി നീ
നീലാമ്പുജം പോലെ നിന്നു

തുടുതുടെ തുടിക്കുന്ന മോഹങ്ങളൊന്നായി
കൂടൊരുക്കി കൂട്ടിനൊരുക്കി
ചിരകാലസ്വപ്നശരങ്ങളിലൂടെ
പുഴവഞ്ചിയിലേറിയരികിലെത്തി......
ചിങ്ങനിലാവ് നെയ്തൊരുക്കിയ
നക്ഷത്രപ്പൂക്കള തിരുമുറ്റത്ത്
വരുമിനിയോണങ്ങളെന്നു
മനസ്സിൽ കരുതിയിരിക്കയാണീമലയാണ്മ.......!



# RIDDLES

1) What is that you can serve ,but never eat?
*Plate*

2) Which room has no door,no windows, no floor,no roof?
*Mashroom*

3) What clothing does a house wear?
*Address*

4) What is it that we can break without touching?
*Silence*

5) It never goes upwards but always goes downwards?
*River*

6) An alphabet which we drink everyday?
*T(tea)*

7) It has teeth but cannot bite?
*Comb*

8) The kind of bow impossible tie?
*Rainbow*

9) Which key is naughty always?
*Monkey*

10) What is given to you but it is used by others?
*Your name*

11) It has arms and legs but cannot work or walk?
*Chair*

12) Which key carries load?
*Donkey*

13) The net which attracts metals?
*Magnet*

14) Which is the dangerous city the world?
*Electricity*

15) The land which says I'am hungry?
*Hungary*

*16)* The net weuse for many purposes?
*Internet*

17) The den where beautiful things can be seen?
*Garden*



ATHULYA.A

# <u>Information Technology Quiz</u>

1) **Which is the first search engine in internet?**

2) **Number of bit used by the IPV6 address?**

3) **Which is the first web browser invented in1990?**

4) **Which is the programming language is used to create programs like apple?**

5) **First computer virus is known as?**

6) **Which programming language is exclusively used for artificial intelligence?**

7) **Firewall in computer is used for ?**

8) **A dual layer Blue ray Disc can store data upto?**

9) **Number of layers in the OST(Open system Interconnection)?**

10) **1024 bit is equal to how many byte?**

11) **Mac operating system is developed by which company?**

12) **Where is the headquarter of microsoft office located?**

13) **.gif is an extension of?**

14) **Which is the first fully supported 64-bit operating system?**

15) **Which protocol is used to received e-mail?**

**16) Which computer program converts assembly language to machine language?**

**17) In which year @ sign was first chosen for its user in e-mail address?**

**18) Who is also known as the father of Indian supercomputing?**

**19)Which one is the “text editor” for microsoft windows?**

**20)Which is the Kernal programme used in Apple mac OSX?**

**Answers:**
**1) Archie**
**2) 128 bit**
**3) Nexus**
**4) Java**
**5) Creeper Virus**
**6) Prolog**
**7) Security**
**8) 50 GB**
**9) 7**
**10) 128 byte**
**11) Apple**
**12) Washington**
**13) Image file**
**14) Linux**
**15) POP3**
**16) Assembler**
**17) 1972**
**18) Vijay Bhatkar**
**19) Notepad**
***20) XNU***


NITHYA.R

# Who owns the Internet?

**Based on the discussion we had so far, could you say who owns the Internet? It does not belong to anyone in particular. We can also say that it belongs to everyone who creates websites and adds information to them. Can something, which is thus not owned by anyone, exist for long? If there are no directives, won't it result in utter chaos? The answer is that there are some organisations, though not very formal, for a systemic supervision of all these things. They are :**


**The Internet Society: For the overall supervision of the structure of the Internet policies and other common matters.**

**The Internet Engineering Task Force (IETF): This committee manages the technical structure of the Internet and makes arrangements for the stability and safety of the Internet, etc. Further, it examines and accords recognition to the revision of the Internet**
**protocols.**


**The Internet Corporation for Assigned Names and Numbers (ICANN): The Domain Name System (DNS) we discussed earlier works under the supervision of this committee. It is ICANN that ensures that all Internet addresses reach their proper IP *addresses.***



# ഗുരുത്വമില്ലാത്ത തവളകൾ



ഐസക് ന്യൂട്ടൻ  നടത്തിയ സുപ്രധാന കണ്ടെത്തലാണല്ലോ ഭൂഗുരുത്വം.എന്നാൽ ഭൂഗുരുത്വമില്ലാത്ത സ്ഥലങ്ങൾ കൃത്രിമമായി സൃഷ്ടിച്ചെടുക്കുന്നതിൽ ശാസ്ത്രജ്ഞർ വിജയിച്ചിട്ടുണ്ട്.ബ്രിട്ടനിലെ നോട്ടിങ്ഹാം സർവകലാശാലയിലെ പരീക്ഷണശാല ഇത്തരമൊരു ഇടമാണ്.ഈ പരീക്ഷണശാലയ്ക്കുള്ളിൽ വെച്ച് ഒരു പന്ത് മുകളിലേക്ക് എറിഞ്ഞപ്പോൾ അത് താ ഴേക്ക വരാതെ അന്തരീക്ഷത്തിൽ തങ്ങിനിന്നു.ആന്റിഗ്രാവിറ്റി മെഷീൻ ഉപയോഗിച്ച് ഈ പരീക്ഷണശാലയ്ക്കുള്ളിൽ   ഭൂഗുരുത്വമില്ലാതാക്കിയിരിക്കുകയായിരുന്നു.ഭാരംകുറഞ്ഞ  ചെറിയ വസ്തുക്കളെ  മാത്രമേ ഉങ്ങനെ ഭൂഗുരുത്വമില്ലാത്ത  അവസ്ഥയിൽ ആക്കാൻ കഴിയുകയുള്ളൂ.പരീക്ഷണശാലയ്ക്കുള്ളിൽ  നിരവധി  തവളകളെ ഇങ്ങനെ വായുവിൽ ഒഴുകി നടത്തിച്ചിട്ടുണ്ട്.



# നന്ദി

തെങ്ങമം ഗവ ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ  കൈറ്റ്സ് അംഗങ്ങൾ  തയ്യാറാക്കിയ ഈ കലാസൃഷ്ടിക്ക വേണ്ട എല്ലാ  പിന്തുണയും നൽകിയ  ഏവർക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി അർപ്പിക്കുന്നു

എഡിറ്റോറിയൽ  ബോർഡ്

